

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 14. ബൗദ്ധദർശനം

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

14 ബൗദ്ധദർശനം . . . . . . . . . . . . . . . . . . . . . . . . . 1
1 ആര്യസത്യങ്ങൾ . . . . . . . . . . . . 3
2 പ്രതീത്യസമുല്പാദം . . . . . . . . . . . 4
3 ക്ഷണികവാദം . . . . . . . . . . . . . 5
4 അനാത്മവാദവും അനീശ്വരവാദവും . . 6
5 ബ്രാഹ്മണമേധാവിത്വത്തിനെതിരായ സാമൂഹ്യവിപ്ലവം . . . . . . . . . . . . . . 7
6 പുതിയൊരു ജീവിതത്തിന്റെ ഉദ്ഘാടനം 8
7 ധനികവർഗങ്ങളുടെ രക്ഷാധികാരം . 9

# 14

# ബൗദ്ധദർശനം

ശാക്യനേതാവായ ശുദ്ധോദനന്റെ പുത്രനായി ഇന്നത്തെ നേപ്പാളിന്റെ അതിർത്തിയിലുള്ള ലുംബിനി വനത്തിൽ ക്രി. മു. 567-ൽ ഗൗതമബുദ്ധൻ ജനിച്ചു. കപിലവസ്തുവിൽ രാജ്യഭാരം നടത്തിപ്പോന്ന ശുദ്ധോദനൻ തന്റെ പുത്രനെ രാജോചിതമായ എല്ലാ സുഖസൗകര്യങ്ങളോടും കൂടി വളർത്തി. പക്ഷേ, കൊട്ടാരത്തിലെ സുഖഭോഗങ്ങൾ ഗൗതമനെ തൃപ്തിപ്പെടുത്തിയില്ല. ചുറ്റുപാടുമുള്ള ദുഃഖങ്ങളും വേദനകളും മരണങ്ങളും അദ്ദേഹത്തെ അസംതൃപ്തനാക്കി. 29-ാമത്തെ വയസിൽ അദ്ദേഹം തന്റെ അരമനയേയും പ്രിയപ്പെട്ട ഭാര്യയേയും ഒരു വയസ്സു മാത്രം പ്രായമായ കുട്ടിയേയും എല്ലാമുപേക്ഷിച്ച് ഒരു സന്യാസിയായി മാറി. ദുഃഖങ്ങളുടെ കാരണവും അവയിൽനിന്നു മോചനം നേടാനുള്ള മാർഗ്ഗവും അന്വേഷിച്ചുകൊണ്ട് അദ്ദേഹം പലേടത്തും ചുറ്റിത്തിരിഞ്ഞു. ഏഴുകൊല്ലക്കാലം സ്വന്തം ശരീരത്തെ പലവിധത്തിലും പീഡിപ്പിച്ചുകൊണ്ട് യോഗാഭ്യാസങ്ങളും തപശ്ചര്യകളും നടത്തി. ശരീരപീഡനം കൊണ്ട് അദ്ദേഹത്തിന് ആത്മസംതൃപ്തി ലഭിച്ചില്ല. ഭക്ഷണം കഴിക്കാതിരുന്നതുകൊണ്ട് ഗുണമില്ലെന്ന് ബോദ്ധ്യമായപ്പോൾ അദ്ദേഹം ഭക്ഷണം കഴിച്ചു. വീണ്ടും കുറേക്കാലം സത്യമന്വേഷിച്ചുകൊണ്ടു ചുറ്റിത്തിരിയുകയും ധ്യാനിക്കുകയും ചെയ്തു. ഒടുവിലദ്ദേഹത്തിന് ജ്ഞാനോദയമുണ്ടായി. അദ്ദേഹം ബുദ്ധനായി. അതിനുശേഷം 79-ാമത്തെ വയസ്സിൽ മഹാപരിനിർവാണം പ്രാപിക്കുന്നതുവരെയും അദ്ദേഹം രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ചുറ്റിസഞ്ചരിച്ചുകൊണ്ട് തന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചു.

# 1 ആര്യസത്യങ്ങൾ

പരലോകത്തിൽ സുഖം നേടാനല്ല, ഇഹലോകത്തിലെ ദുഃഖങ്ങളിൽ നിന്നു മോചനം നേടാനാണ് ബുദ്ധൻ ജനങ്ങളെ ഉപദേശിച്ചത്. ദുഃഖങ്ങളുടെയും കഷ്ടപ്പാടുകളുടെയും നേരെ കണ്ണടച്ചതുകൊണ്ട് പ്രയോജനമില്ല. അവ നിലനിൽക്കുന്നു. ജീവിതം ദുഃഖങ്ങളെക്കൊണ്ടു നിറഞ്ഞതാണ്. പക്ഷേ, ബുദ്ധൻ ഒരു നിരാശാവാദിയായിരുന്നില്ല. ദുഃഖങ്ങളുണ്ടെന്നുമാത്രമല്ല, ആ ദുഃഖങ്ങളിൽ നിന്നു മോചനം നേടാൻ കഴിയുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ദുഃഖത്തിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബുദ്ധൻ പറയുന്നു:

> ‘ജനനം തന്നെ ദുഃഖമാണ്. വാർദ്ധക്യവും, മരണവും, ശോകം, രോദനം, മനസ്സിന്റെ അസ്വാസ്ഥ്യം, പരിഭ്രാന്തി എന്നിവയും ദുഃഖമാണ്. അപ്രിയമായതിനോടുള്ള ചേർച്ച, പ്രിയമായതിൽ നിന്നുള്ള വേർപാട്, ആഗ്രഹിച്ചിട്ടും ലഭ്യമല്ലാത്ത വസ്തു ഇതെല്ലാം ദുഃഖമാകുന്നു.

തൃഷ്ണയാണ് ദുഃഖത്തിനുള്ള കാരണം. ഭോഗതൃഷ്ണ, ഭാവതൃഷ്ണ, വിഭവതൃഷ്ണ എന്നിവ അതിലുൾപ്പെടുന്നു. ദുഃഖമവസാനിപ്പിക്കണമെങ്കിൽ തൃഷ്ണയില്ലാതാവണം. തൃഷ്ണയെ നിരോധിക്കുന്നതിനാണ് ദുഃഖനിരോധനമെന്നു പറയുന്നത്. ദുഃഖത്തെ നിരോധിക്കുന്നതെങ്ങനെയാണ്? അതിയായ കാമസുഖവും അതിയായ ശരീരപീഡനവും രണ്ടും പറ്റില്ല. രണ്ടിനുമിടയിലുള്ള മധ്യമമാർഗ്ഗത്തെയാണ് ബുദ്ധൻ അംഗീകരിച്ചത്. ശരിയായ വീക്ഷണം, ശരിയായ സങ്കല്പം, ശരിയായ കർമം, ശരിയായ വാക്ക്, ശരിയായ ജീവിതം, ശരിയായ പരിശ്രമം, ശരിയായ സ്മരണ, ശരിയായ സമാധി എന്നിവയടങ്ങുന്ന സുപ്രസിദ്ധമായ അഷ്ടാംഗ മാർഗമാണ് ആ മധ്യമമാർഗം.

ദുഃഖം നിലനിൽക്കുന്നു; ദുഃഖത്തിനു കാരണമുണ്ട്; ദുഃഖം മാറ്റാൻ കഴിയും; ദുഃഖം മാറ്റാനുള്ള അഷ്ടാംഗമാർഗം — ഇവയെ നാല് ആര്യസത്യങ്ങൾ എന്നുപറയുന്നു.

## 2 പ്രതീത്യസമുല്പാദം

ദുഃഖങ്ങൾക്കു മാത്രമല്ല, എല്ലാറ്റിനും അവയുടേതായ കാരണങ്ങളുണ്ട്. തന്നത്താൻ യാതൊന്നുമുണ്ടാകുന്നില്ല. ലോകത്തിലുള്ള സർവചരാചരങ്ങളും കാര്യകാരണങ്ങളാൽ ബന്ധപ്പെട്ടവയാണ്. കാരണമില്ലാതെ കാര്യമില്ല. വിത്തിൽ നിന്നു മരമുണ്ടാകുന്നു. മരം വിത്തിന്റെ പരിണാമഫലമല്ലെന്നും വിത്തിൽ തന്നെയടങ്ങിയ മരത്തിന്റെ ആത്മപ്രകാശമാണെന്നുമുള്ള അഭിപ്രായത്തോട് ബുദ്ധൻ യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു വസ്തുവിന്റെ നാശത്തിൽ നിന്നാണ് മറ്റൊരു വസ്തുവുണ്ടാകുന്നത്. പൂർവസംഭവങ്ങളുടെ അനിവാര്യഫലമാണ് വർത്തമാനസംഭവങ്ങൾ. ഒന്നിന്റെ വിനാശത്തിൽ നിന്ന് മറ്റൊന്നുണ്ടാകുന്നു എന്ന ഈ തത്വത്തിന് ബുദ്ധദർശനത്തിൽ ‘പ്രതീത്യസമുല്പാദം’ എന്നാണു പറയുന്നത്. ജഗത്തിന്റെ പരിണാമത്തെപ്പറ്റിയുള്ള ഈ തത്വത്തെ വിവരിച്ചുകൊണ്ട് രാഹുൽ സാംകൃത്യായൻ എഴുതുന്നു:

> ‘ഓരോ ഉല്പാദനത്തിനും ഒരു പ്രത്യയമുണ്ടായിരിക്കും. പ്രത്യയവും ഹേതു (കാരണം)വും സമാനാർത്ഥ പദങ്ങളാണെന്നു തോന്നുന്നു. എന്നാൽ മറ്റു ദാർശനികൻമാർ ഹേതു അല്ലെങ്കിൽ കാരണം എന്ന പദത്തിനു കല്പിക്കുന്ന അർത്ഥമല്ല ബുദ്ധൻ പ്രത്യയപദത്തിനു കൽപ്പിച്ചിട്ടുള്ളത്. പ്രത്യയത്തിൽ നിന്നുള്ള ഉല്പാദം എന്നതിന്റെ അർത്ഥം പിന്നീടുള്ളതിൽ നിന്നുള്ള ഉത്പാദം — അതായത്, ഒന്ന് പിന്നിടുകയോ നശിച്ചു പോകുകയോ ചെയ്തതിനുശേഷം മറ്റൊന്നുണ്ടാവുക — എന്നാകുന്നു.

ഒരു വസ്തുവോ സംഭവമോ ഉണ്ടാകുന്നതിനുമുമ്പുള്ള അടുത്ത ക്ഷണംവരെ ലുപ്തമായി കാണപ്പെടുന്ന ഒന്നിനെയാണ് ബുദ്ധൻ പ്രത്യയമെന്നുപറയുന്ന ഹേതുവായി കണക്കാക്കുന്നത്. പ്രതീത്യസമുല്പാദം കാര്യകാരണനിയമത്തെ അവിച്ഛിന്നമായിട്ടല്ല, പ്രത്യുത, ഒരു വിച്ഛിന്ന പ്രവാഹമായിട്ടാണ് കരുതപ്പെടുന്നത്. പ്രതീത്യസമുല്പാദത്തിന്റെ പ്രസ്തുത വിച്ഛിന്നപ്രവാഹത്തെ അടിസ്ഥാനപ്പെടുത്തിയാണ് പിന്നീട് നാഗാർജ്ജുനൻ തന്റെ ശൂന്യവാദത്തെ വികസിപ്പിച്ചത്.

## 3 ക്ഷണികവാദം

ഒരുഭാഗത്ത്, സ്വതന്ത്രമായ ഒരു യാഥാർത്ഥ്യം മറ്റൊന്നിനേയും ആശ്രയിക്കാതെ ശാശ്വതമായി നിലനിൽക്കുന്നു എന്ന വാദത്തേയും മറുഭാഗത്ത്, നിലനിൽക്കുന്നതെല്ലാം നശിക്കും എന്ന വാദത്തേയും ബുദ്ധൻ നിഷേധിക്കുന്നു. നടുവിലുള്ള വീക്ഷണഗതിയാണദ്ദേഹം സ്വീകരിച്ചത്. എന്നുവച്ചാൽ നമ്മൾ കാണുന്നതെല്ലാം നിലനിൽക്കുന്നു; പക്ഷേ, അവ മറ്റു ചിലതിനെ ആശ്രയിക്കുന്നു. അവയ്ക്ക് ചില കാരണങ്ങളുണ്ട്; അവ മറ്റുചിലതിന്റെ കാര്യങ്ങളാണ്; വേറെ ചിലതിന്റെ കാരണങ്ങളായിത്തീരുകയും ചെയ്യുന്നു. നിരപേക്ഷമായ യാതൊന്നുമില്ല. ഒരു ചോദ്യത്തിനു മറുപടിയായി ബുദ്ധൻ ഇങ്ങനെ പറഞ്ഞതായി കാണുന്നു:

> ‘നിരപേക്ഷമായ ഒന്നാണ് കേവലത്വം എന്നതുകൊണ്ട് വിവക്ഷിച്ചിട്ടുള്ളതെങ്കിൽ അതിന്റെ സത്തയെ അറിയപ്പെട്ട യാതൊരു ഹേതുവാദരീതികൊണ്ടും സ്ഥാപിക്കുക സാധ്യമല്ല. മറ്റു വസ്തുക്കളോടു നിരാപേക്ഷമായ വല്ലതിനും സത്തയുണ്ടെന്നു നമുക്ക് എങ്ങനെ അറിയാം? നാം അറിയുന്ന ഈ പ്രപഞ്ചം മുഴുക്കെ പരസ്പരബന്ധങ്ങളുടെ ഒരു വ്യവസ്ഥയാണ്. നിരപേക്ഷമായതോ ആകാവുന്നതോ ആയ യാതൊന്നും നമുക്കറിഞ്ഞുകൂടാ’.

ബൗദ്ധദർശനമനുസരിച്ച് പ്രപഞ്ചത്തിലടങ്ങിയ സർവചരാചരങ്ങളേയും സ്കന്ധം, ആയതനം, ധാതു എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. രൂപം (മഹാഭൂതങ്ങൾ), വേദനം (സുഖദുഃഖാനുഭവങ്ങൾ), സംജ്ഞ (ബോധം), സംസ്കാരം, വിജ്ഞാനം (ചേതന അല്ലെങ്കിൽ മനസ്സ്) ഇങ്ങനെ അഞ്ചു സ്കന്ധങ്ങളുണ്ട്. സംജ്ഞ, വേദനം, വിജ്ഞാനം എന്നിവ പദാർത്ഥത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. രൂപത്തിന്റെ അല്ലെങ്കിൽ മഹാഭൂതങ്ങളുടെ സമ്പർക്കം കൊണ്ടു മാത്രമാണവയുണ്ടാകുന്നത്. ഭൂമി, വെള്ളം, അഗ്നി, വായു എന്നിങ്ങനെ നാലു ഭൂതങ്ങളെ മാത്രമേ ബുദ്ധൻ അംഗീകരിക്കുന്നുള്ളു. ഭൗതികലോകവും നമ്മുടെ ഇന്ദ്രിയങ്ങളും നമ്മുടെ ശരീരങ്ങളുമെല്ലാം ഈ നാലു ഭൂതങ്ങളിൽ നിന്നുണ്ടായവയാണ്. ചക്ഷുസ്സ്, ശ്രോതം, ഘ്രാണം, ജിഹ്വ, ശരീരം, മനസ് എന്നിങ്ങനെ ആറ് ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളായ രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശം, ധർമം എന്നിവയും കൂടി ആകെ പന്ത്രണ്ട് ആയതനങ്ങളുണ്ട്. ധാതുക്കൾ, പതിനെട്ടെണ്ണമുണ്ട്: ആറ് ഇന്ദ്രിയങ്ങളും ആറ് വിഷയങ്ങളും ആ വിഷയങ്ങളുടെ സമ്പർക്കത്തിൽ നിന്നുണ്ടാകുന്ന ആറ് വിജ്ഞാനങ്ങളും (ഛക്ഷുർവിജ്ഞാനം, ശ്രോതാവിജ്ഞാനം, ഘ്രാണവിജ്ഞാനം, ജിഹ്വാവിജ്ഞാനം, ശരീരവിജ്ഞാനം, മനോവിജ്ഞാനം) അവയിലുൾപ്പെടുന്നു. ഭൗതികവും മാനസികവുമായ ഈ മൗലികഘടകങ്ങളിൽ നിന്നാണ് പ്രപഞ്ചത്തിലെ സർവചരാചരങ്ങളും ആവിർഭവിച്ചത്.

ഇവയൊന്നും തന്നെ നിത്യമോ ശാശ്വതമോ അല്ല. എല്ലാം അനിത്യമാണ്. ക്ഷണികമാണ്. ലോകത്തിൽ യാതൊന്നും തന്നെ സ്ഥിരമല്ലെന്നും എല്ലാം അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നുവെന്നും ബുദ്ധൻ പ്രഖ്യാപിച്ചു. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചതായി ധർമപദം രേഖപ്പെടുത്തുന്നു:

> ‘നിലനിൽക്കുന്നതെല്ലാം ചില സവിശേഷകാരണങ്ങളിൽ നിന്നും ഉപാധികളിൽ നിന്നുമാണുണ്ടായിട്ടുള്ളതെന്നും എല്ലാവിധത്തിലും അവ അനിത്യങ്ങളാണെന്നും മനസ്സിലാക്കുക. നിത്യമായിത്തോന്നുന്നത് നശിക്കും! ഉയർച്ചയിലെത്തിയത് വീണ്ടും താഴും; കൂടിച്ചേരുന്നത് വീണ്ടും അകലും; ജനനമുള്ളേടത്തു മരണം വരും’.

എല്ലാറ്റിനും ഉത്ഭവവും നാശവുമുണ്ട്. ഭാവത്തിന്റെയും അഭാവത്തിന്റെയും അവിരാമമായ പ്രവാഹമാണ് ജീവിതം. ചലനത്തിൻറേയും മാറ്റത്തിൻറേയും അനുക്രമമായ പ്രവാഹം പലപ്പോഴും അഭിന്നതയുടേയും മാറ്റമില്ലായ്മയുടേയും പ്രതീതിയുണ്ടാക്കിയെന്നുവരും. ഉദാഹരണത്തിന്, പുഴ ഒഴുകുന്നതു നോക്കുക. വെള്ളം ഇടതടവില്ലാതെ ചലിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഒരേ പുഴ രണ്ടു പ്രാവശ്യം കടക്കാൻ കഴിയില്ല എന്നുപറയുന്നത്. എന്നിട്ടും പുഴ അങ്ങനെതന്നെ നിൽക്കുന്നതായി നമുക്കു തോന്നുന്നു. തീ കത്തുന്നതു നോക്കുക. ജ്വലിക്കുന്ന തീനാളം അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്. അതൊരിക്കലും അതുതന്നെയായി നിൽക്കുന്നില്ല. എന്നിട്ടും അതിന്റെ ആകൃതിയും രൂപവും കണ്ട് ഒരൊറ്റ നാളമാണെന്നു നമ്മൾ വിചാരിക്കുന്നു.

## 4 അനാത്മവാദവും അനീശ്വരവാദവും

ബുദ്ധതത്വങ്ങൾ ഭൗതികമോ ആത്മീയമോ ആയ യാതൊരു മൂലപദാർത്ഥത്തേയും അംഗീകരിക്കുന്നില്ല. എല്ലാ അസ്തിത്വങ്ങളേയും നിഷേധിച്ചുകൊണ്ടുള്ള ഒരു തരം ശൂന്യവാദമാണവയിൽ പ്രതിഫലിക്കുന്നത്. പ്രപഞ്ചത്തിലെ സർവചരാചരങ്ങളും ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു. ഉത്ഭവിച്ചുകൊണ്ടും നശിച്ചുകൊണ്ടുമിരിക്കുന്നു. ഈ ഗതിക്രമം, കാര്യകാരണങ്ങളുടെ നിയമത്തിനു വിധേയമാണ്. യാതൊന്നും ഈ നിയമത്തിൽ നിന്നതീതമല്ല. യാതൊന്നും ശാശ്വതമല്ല. മനുഷ്യനിൽ ആത്മാവെന്ന ഒരു ശാശ്വതവസ്തുവുണ്ടെന്നും അത് ശരീരത്തിന്റെ മാറ്റങ്ങളേയും ജനനമരണാദികളേയും അതിക്രമിച്ചുകൊണ്ട് നിലനിൽക്കുന്നുവെന്നും ഒരു ശരീരത്തിൽ നിന്ന് മറ്റൊരു ശരീരത്തിലേക്ക് പ്രവേശിക്കുമെന്നും മറ്റും വിശ്വസിച്ചിരുന്ന ചിന്തകന്മാർ അക്കാലത്തുണ്ടായിരുന്നു. അത്തരമൊരാത്മാവില്ലെന്നു ബുദ്ധൻ ഉറപ്പിച്ചുപറഞ്ഞു. ആത്മീയമായാലും ശരി ഭൗതികമായാലും ശരി, സ്ഥിരമായ യാതൊരു പദാർത്ഥവുമില്ല എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു.

അപ്പോൾ, അറിയപ്പെടാത്തതും ശാശ്വതമെന്നു കരുതപ്പെടുന്നതുമായ ഏതെങ്കിലും ദാർശനിക പദാർത്ഥം കൊണ്ട് പ്രപഞ്ചത്തേയും അതിന്റെ പ്രതിഭാസങ്ങളേയും മനസിലാക്കാനാവില്ല. ഈ തത്വമനുസരിച്ച് പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ഒരു ദൈവത്തിനു സ്ഥാനമില്ല. അനാഥപിണ്ഡികനോടു ബുദ്ധൻ ഇങ്ങനെ പറഞ്ഞതായി അശ്വഘോഷൻ തന്റെ 'ബുദ്ധചരിതം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

> 'ഈ ലോകം ഈശ്വരന്റെ സൃഷ്ടിയാണെങ്കിൽപ്പിന്നെ പരിവർത്തനം, നാശം മുതലായവയൊന്നുമുണ്ടാകുമായിരുന്നില്ല. ദുഃഖം, ദുർവിപാകം, ന്യായം, അന്യായം, പവിത്രം, അപവിത്രം മുതലായവയും ഉണ്ടാകുമായിരുന്നില്ല. കാരണം, ഇതെല്ലാം ഈശ്വരനിൽ നിന്നുണ്ടാകുന്നവയാണ് എന്നാണല്ലോ കരുതപ്പെടുന്നത്. സചേതനപ്രാണികളിൽ കാണപ്പെടുന്ന ദുഃഖം,ആനന്ദം, പ്രേമം, വിദ്വേഷം എന്നിവ ഈശ്വരന്റെ പ്രവർത്തനങ്ങളാണെങ്കിൽ ആ ഈശ്വരനും ദുഃഖം, ആനന്ദം, പ്രേമം, വിദ്വേഷം മുതലായവ അനുഭവപ്പെടണം. അങ്ങനെയാണെങ്കിൽ ആ ഈശ്വരൻ പരിപൂർണ്ണനാകുന്നതെങ്ങനെയാണ്...? ഈശ്വരൻ, സ്രഷ്ടാവാണെങ്കിൽ ഒന്നുകിൽ സൃഷ്ടിക്ക് ഉദ്ദേശ്യമുണ്ടാവണം; അല്ലെങ്കിൽ യാതൊരുദ്ദേശ്യവുമുണ്ടാവില്ല. ഉദ്ദേശ്യത്തോടുകൂടിയാണ് സൃഷ്ടി നടത്തുന്നതെങ്കിൽ ഈശ്വരൻ പരിപൂർണ്ണനല്ല. കാരണം, ഉദ്ദേശ്യമെന്നാൽ അഭാവത്തിന്റെ പൂർത്തീകരണമാണ്. യാതൊരുദ്ദേശ്യവുമില്ലാതെയാണ് സൃഷ്ടി നടത്തുന്നതെങ്കിൽ അദ്ദേഹം മുലകുടിമാറാത്ത ഒരു പിഞ്ചുകുട്ടിയാണ്. ഈശ്വരൻ സൃഷ്ടാവാണെങ്കിൽ മനുഷ്യൻ എല്ലായിപ്പോഴും ശ്രദ്ധാനതചിത്തനായി അദ്ദേഹത്തിന്റെ മുമ്പിൽ ആത്മസമർപ്പണം ചെയ്യുന്നതെന്തിനാണ്? പ്രാർത്ഥിക്കുന്നതെന്തിനാണ്? ഇങ്ങനെ യുക്തിസഹജമായ കാരണങ്ങളാൽ ഈശ്വരനെപ്പറ്റിയുള്ള സങ്കൽപ്പം മിഥ്യയാണെന്നു തെളിയുന്നു...'

ദൈവവിശ്വാസമില്ലെങ്കിൽ ഉത്തമജീവിതം നയിക്കാൻ സാധിക്കില്ലെന്ന പ്രചാരവേലയ്ക്ക് വമ്പിച്ച പ്രഹരമാണ് ബുദ്ധൻ തന്റെ മഹത്തായ ജീവിതത്തിലൂടെ നൽകിയത്. ദൈവവിശ്വാസം പലപ്പോഴും ഉത്തമജീവിതം നയിക്കുന്നതിനെതിരായിത്തീരുന്നുവെന്നും ഈശ്വരനെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾ നിഷ്ക്രിയതയ്ക്കും നിരുത്തരവാദിത്വത്തിനും വഴിതെളിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

## 5 ബ്രാഹ്മണമേധാവിത്വത്തിനെതിരായ സാമൂഹ്യവിപ്ലവം

നന്മയിൽനിന്നു നന്മയുണ്ടാകുന്നു: തിന്മയിൽ നിന്നു തിന്മയും — ഈ ലളിതമായ ജീവിതനിയമമാണ് അദ്ദേഹം എല്ലായിടത്തും പ്രചരിപ്പിച്ചത്. എല്ലാ ജീവികളും ഈ നിയമത്താലാണ് ഭരിക്കപ്പെടുന്നത്. പക്ഷേ, ഈ നിയമം ശരിയാണെങ്കിൽ ദൈവങ്ങളോടു ചെയ്യുന്ന പ്രാർത്ഥനയ്ക്കും യാഗാദികർമ്മങ്ങൾക്കും എന്തർത്ഥമാണുള്ളത്? എല്ലാറ്റിനും അതിൻറേതായ നിയമങ്ങളുണ്ട്. വെള്ളം എല്ലായിപ്പോഴും കീഴ്പോട്ടു മാത്രമാണല്ലോ ഒഴുകുന്നത്. തീയിന് ചൂടുണ്ട്; മഞ്ഞിന് തണുപ്പുണ്ട്. ഇന്ത്യയിലുള്ള എല്ലാ ദൈവങ്ങളോടും ഒന്നിച്ചു പ്രാർത്ഥിച്ചാൽ കൂടി വെള്ളം മേലോട്ടൊഴുകുകയില്ല. തീയിന് തണുപ്പും മഞ്ഞിന് ചൂടുമുണ്ടാവില്ല. ഭൗതികയാഥാർത്ഥ്യത്തിന്റെ നിയമങ്ങളാണ് അവയെ അങ്ങനെ ആക്കിയിട്ടുള്ളത്. അതുകൊണ്ട് ദൈവങ്ങൾക്കു നൽകുന്ന യാഗാദികർമ്മങ്ങളും പ്രാർത്ഥനകളും ഉപയോഗശൂന്യങ്ങളാണ്. മനുഷ്യൻ നല്ല കർമ്മങ്ങൾ ചെയ്താൽ നല്ല ഫലങ്ങളുണ്ടാവും. തിന്മചെയ്താൽ ഫലങ്ങളും ചീത്തയാവും. ഇന്ത്യയിലുള്ള എല്ലാ ദൈവങ്ങളും വിചാരിച്ചാൽ കൂടി മറിച്ചാവുകയില്ല. നിർവാണത്തിന് അൽപ്പംമുമ്പ് അദ്ദേഹം തന്റെ ഉത്തമശിഷ്യനായ ആനന്ദനോട് ഇങ്ങനെ പറഞ്ഞതായി കാണുന്നു:

> ‘നിന്റെ മോചനത്തിനുവേണ്ടി നീ തന്നെ പ്രവർത്തിക്കണം. നമ്മൾ ദുഃഖിതരാവുന്നത് നമ്മേക്കൊണ്ടുതന്നെയാണ്. ആ ദുഃഖത്തിൽ നിന്നു പുറത്തുകടക്കാൻ നാം തന്നെ പ്രയത്നിക്കണം’.

വർണമേധാവിത്വം സമൂഹ്യജീവിതത്തെ മലീമസമാക്കിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ബുദ്ധൻ ഇത്തരം ആശയങ്ങൾ പ്രചരിപ്പിച്ചത്. വർണാശ്രമധർമങ്ങൾ ദിവ്യങ്ങളായിട്ടാണ് അക്കാലത്ത് കണക്കാക്കപ്പെട്ടിരുന്നത്. വൈദികചിന്തകളിൽ അവയ്ക്ക് ഉന്നതമായ സ്ഥാനം നൽകപ്പെട്ടു. വേദങ്ങൾ ദൈവത്തിൽ നിന്നുണ്ടായവയാണെന്നും വിധിക്കപ്പെട്ടു. ബ്രാഹ്മണമേധാവിത്വത്തെ എതിർക്കുക എന്നുവെച്ചാൽ വേദങ്ങളുടെ ദിവ്യത്വത്തെ ചോദ്യം ചെയ്യുക എന്നർത്ഥമായിരുന്നു. വേദങ്ങളുടെ ദിവ്യത്വത്തെ എതിർക്കുക എന്നുവച്ചാലോ, ദൈവത്തെ എതിർക്കുക എന്നും. ബുദ്ധൻ ബ്രാഹ്മണമേധാവിത്വത്തെയും വേദങ്ങളുടെ ദിവ്യത്വത്തേയും അതിന്റെ പിന്നിലുള്ള ദൈവങ്ങളേയും എല്ലാം എതിർത്തു. യുക്തിക്ക് യോജിക്കാത്തതൊന്നും വിശ്വസിക്കരുത് എന്നദ്ദേഹം ഉപദേശിച്ചു. തന്റെ ഉപദേശങ്ങൾക്കുപോലും ഇത് ബാധകമാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി:

> ‘സ്വർണത്തെ തീയിൽ പഴുപ്പിച്ച് തുണ്ടമാക്കി മാറ്റുരച്ചു നോക്കി പരിഗ്രഹിക്കുന്നതുപോലെ, എന്റെ ഉപദേശങ്ങളും പരിശോധിച്ചശേഷം മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ.’

ബ്രഹ്മത്തിന്റെ വായിൽനിന്നു ബ്രാഹ്മണരും കൈകളിൽ നിന്നു ക്ഷത്രിയരും തുടകളിൽ നിന്നു വൈശ്യരും കാലടികളിൽ നിന്ന് ശൂദ്രരും ഉത്ഭവിച്ചു എന്ന് വൈദികന്മാരുടെ പുരുഷസൂക്തം പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. സമുദായത്തിൽ തങ്ങൾ നിലനിർത്തിപ്പോന്ന മേധാവിത്വത്തെ ന്യായീകരിക്കാൻ വേണ്ടി ഈ വാദത്തേയാണ് ബ്രാഹ്മണർ ഉപയോഗിച്ചത്. ഈ കെട്ടുകഥയെ കളിയാക്കിക്കൊണ്ട് ബുദ്ധൻ ഇങ്ങനെ പ്രസ്താവിച്ചതായി ദീർഘനികായം രേഖപ്പെടുത്തുന്നു.

> ‘ഇത് പറയുമ്പോൾ ബ്രാഹ്മണർ തങ്ങളുടെ സ്വന്തം ഭൂതകാലത്തെ വിസ്മരിക്കുകയാണ് ചെയ്യുന്നത്. ബ്രാഹ്മണരുടെ ഭാര്യമാർക്കും തീണ്ടാരിയുണ്ട്. അവർ ഗർഭം ധരിക്കുന്നു; കുഞ്ഞുങ്ങളെ പ്രസവിക്കുകയും മുലകൊടുത്തു വളർത്തുകയും ചെയ്യുന്നു; എന്നിട്ടും സ്ത്രീകൾ പ്രസവിച്ചുണ്ടായ ഈ ബ്രാഹ്മണരാണ് പറയുന്നത് തങ്ങൾ ബ്രഹ്മത്തിന്റെ വായിൽ നിന്നുണ്ടായവരാണെന്ന്! തങ്ങൾ ബ്രഹ്മത്തിന്റെ സൃഷ്ടികളും പിന്തുടർച്ചാവകാശികളുമാണെന്ന്! ഇത് തനി നുണയാണ്!’.

ഏതു കുടുംബത്തിൽ ജനിച്ചു എന്നു നോക്കിയിട്ടല്ല, ഏതു തരത്തിലുള്ള കർമ്മങ്ങൾ ചെയ്യുന്നു എന്നു നോക്കിയിട്ടാണ് ഉയർന്ന ജാതിക്കാരെന്നോ താണ ജാതിക്കാരെന്നോ നിർണയിക്കേണ്ടത് എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. ഉൽകൃഷ്ട സ്വഭാവമുള്ളവൻ ഉയർന്ന ജാതിക്കാരനാണ്. നികൃഷ്ട സ്വഭാവമുള്ളവൻ താണജാതിക്കാരനും.

ജാതിമേധാവിത്വത്തെയും മറ്റസമത്വങ്ങളേയും അദ്ദേഹം വകവെച്ചില്ല. താൻ സ്ഥാപിച്ച ഭിക്ഷുസംഘങ്ങളിൽ അദ്ദേഹം എല്ലാ ജാതിക്കാർക്കും പ്രവേശനം നൽകി. ഏതു ജാതിയിൽ ജനിച്ചാലും ഭിക്ഷുവിൻറേതായ നന്മയുടെ ജീവിതം നയിച്ചാൽ പരിപൂർണതയിലെത്താമെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. നന്മ വേണമെങ്കിൽ കൊല്ലരുത്, കക്കരുത്, അനുചിതമായ ലൈംഗിക വൃത്തികളിലേർപ്പെടരുത്, കളവു പറയരുത്, മദ്യപിക്കരുത്. ഓരോ ഭിക്ഷുവിനും ഈ ധർമാനുഷ്ഠാനങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്ന് അദ്ദേഹം നിഷ്കർഷിച്ചു.

ഈ പരിഷ്കരണങ്ങളുടെ ഫലമായി ബുദ്ധന് സ്ഥാപിതതാൽപ്പര്യക്കാരുടെ പലതരം എതിർപ്പുകളേയും നേരിടേണ്ടിവന്നു. അസഭ്യങ്ങളായ ആക്ഷേപങ്ങളും ശകാരങ്ങളും സഹിക്കേണ്ടതായി വന്നു. ഒരിക്കൽ ബ്രാഹ്മണരുടെ ഒരു ഗ്രാമത്തിൽ അദ്ദേഹത്തിനു ഭക്ഷണം കിട്ടുകയുണ്ടായില്ല. മറ്റൊരു ഗ്രാമത്തിൽ കുടിക്കാനുള്ള വെള്ളം പോലും കിട്ടിയില്ല. എന്തിനധികം? അദ്ദേഹത്തിന്റെ ജീവനെ അപകടത്തിലാക്കാനുള്ള ഗൂഢാലോചനകൾ പോലും നടത്തപ്പെടുകയുണ്ടായി. ഡോക്ടർ രാധാകൃഷ്ണൻ തന്റെ ‘ഇന്ത്യൻ തത്വശാസ്ത്രം’ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

> ‘പുരോഗതിയുടെ നേതാക്കന്മാർ എല്ലാ കാലഘട്ടങ്ങളിലും അസ്വാഭാവികമായ സംശയത്തോടുകൂടി വിദ്രോഹത്തിൻറേയും ലഹരിയുടേയും നേതാക്കന്മാരായിട്ടാണ് കണക്കാക്കപ്പെടാറുള്ളത്. പരമ്പരാഗതമായ പുരോഹിതത്വത്തിനുപകരം ആത്മീയമായ ഭ്രാതൃത്വത്തേയും ജനനത്തിന്റെ ഉച്ചനീചത്വങ്ങൾക്കുപകരം വ്യക്തിപരമായ നന്മയേയും, വൈദികമായ അരുളപ്പടിനു പകരം യുക്തിയേയും, കർമവിധികളെക്കൊണ്ടുള്ള ഭക്തിക്കുപകരം സാന്മാർഗികജീവിതത്തേയും, ദൈവങ്ങൾക്കുപരിയായി പരിപൂർണതയിലെത്തുന്ന ഋഷികളേയും, ഉയർത്തിപ്പിടിച്ച ഹിന്ദു പുരോഹിതന്മാരുടെ കോപാഗ്നിയെ ആളിക്കത്തിച്ചു. അവരദ്ദേഹത്തെ ഒരു സാമൂഹ്യവിരുദ്ധ ശക്തിയായി കണക്കാക്കി. ബുദ്ധനും അദ്ദേഹത്തിന്റെ അനുയായികളും ബ്രാഹ്മണപുരോഹിതന്മാരുടെ ദൃഷ്ടിയിൽ മാപ്പുകൊടുക്കപ്പെടാൻ പാടില്ലാത്ത ദൈവനിന്ദകരായിത്തീരുന്നതിനുള്ള കാരണം അവർ പ്രചരിപ്പിച്ച സാമൂഹ്യവിപ്ലവമാണ്’.

# 6 പുതിയൊരു ജീവിതത്തിന്റെ ഉദ്ഘാടനം

ബ്രാഹ്മണപുരോഹിതന്മാരുടെ എതിർപ്പുകളെ വകവെയ്ക്കാതെ ബുദ്ധമതതത്വങ്ങൾ ഇന്ത്യയിലൊട്ടുക്കും അതിവേഗം പരന്നുപിടിച്ചു. ആരംഭം മുതൽക്കേ ബ്രാഹ്മണമേധാവിത്വത്തിനെതിരായ ക്ഷത്രിയൻമാരും വൈശ്യന്മാരായ കച്ചവടക്കാരും അവയ്ക്ക് പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകി. എങ്കിലും, ബുദ്ധൻ ഉയർത്തിപ്പിടിച്ച പ്രസ്ഥാനം ഉയർന്ന വർഗക്കാരുടെ മാത്രം പ്രസ്ഥാനമായിരുന്നില്ല. അതിന്റെ ധാർമികവും ജനാധിപത്യപരവും പൗരോഹിത്യ വിരുദ്ധവുമായ വശങ്ങൾ ബഹുജനങ്ങളെ കൂടുതൽ കൂടുതൽ ആകർഷിച്ചു. അങ്ങനെ അചിരേണ അതൊരു ജനകീയപരിഷ്കരണ പ്രസ്ഥാനമായി വികസിച്ചു. പുതിയൊരു ജീവിതരീതിയുടെ ഉദ്ഘാടനമായിരുന്നു അത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുതുന്നു:

> ‘ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരുന്ന മതത്തേയും അന്ധവിശ്വാസത്തേയും ചടങ്ങുകളേയും പുരോഹിതപ്രഭാവത്തേയും അവയോടൊക്കെ ഒട്ടിനിൽക്കുന്ന നിക്ഷിപ്തതാൽപ്പര്യങ്ങളേയും എതിർക്കാനുള്ള കരുത്ത് ബുദ്ധനുണ്ടായി. ആദ്ധ്യാത്മിത്വത്തിന്റേയും ദൈവവാദത്തിന്റേയും വീക്ഷണകോടിയേയും അത്ഭുതകർമ്മങ്ങളേയും വെളിപാടുകളേയും അതിമാനുഷമായവയുമായുള്ള ഇടപാടുകളേയും അദ്ദേഹം പിഴച്ചു. യുക്തി, ന്യായം, അനുഭവം എന്നിവയോടാണദ്ദേഹത്തിന്റെ അഭ്യർത്ഥന; നീതിയിലാണദ്ദേഹത്തിനു നിഷ്കർഷ; മനഃശാസ്ത്രപരമായ — ആത്മാവില്ലാത്ത ഒരു മനഃശാസ്ത്രം — അപഗ്രഥനമാണ് അദ്ദേഹത്തിന്റെ മാർഗം; ആദ്ധ്യാത്മിക ചിന്തയുടെ പഴക്കച്ചുവയുള്ള വായുവിൽ കഴിച്ചുകൂട്ടിയ ഒരാളെ സംബന്ധിച്ചിടത്തോളം ബുദ്ധന്റെ സമ്പ്രദായം മുഴുക്കെ പർവ്വതപ്രാന്തങ്ങളിലെ പുത്തൻ കാറ്റിന്റെ മൃദുലതയോടെയാണ് വന്നണയുന്നത്.

## 7 ധനികവർഗങ്ങളുടെ രക്ഷാധികാരം

പക്ഷേ, വിപ്ലവകരമായ ഈ പ്രസ്ഥാനത്തിന്റെ ആരംഭം മുതൽക്കുതന്നെ ചില ദൗർബല്യങ്ങൾ ഇഴുകിപ്പിടിച്ചിരുന്നു എന്ന് കാണാം. നിലവിലുള്ള സാമ്പത്തിക വ്യവസ്ഥയുടെ അടിത്തറയെ ബുദ്ധൻ എതിർക്കുകയുണ്ടായില്ല. പ്രാകൃതകമ്യൂണിസത്തിന്റെ അവശിഷ്ടങ്ങളേയും ജനാധിപത്യ ഭരണവ്യവസ്ഥയേയും അദ്ദേഹം വാഴ്ത്തി എന്നതു ശരിയാണ്. അടിമകളോട് ദയ കാണിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചുവെന്നതും ശരിയാണ്. പക്ഷേ, അടിമയും ഉടമയും തമ്മിലുള്ള സാമൂഹ്യബന്ധങ്ങളവസാനിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുകയുണ്ടായില്ല. അന്നത്തെ സ്ഥിതിയിൽ അത് സാദ്ധ്യമായിരുന്നില്ലതാനും. എന്തെന്നാൽ, അടിമത്ത വ്യവസ്ഥ അതിവേഗം വളർന്നുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതുകൊണ്ട്, ബ്രാഹ്മണമേധാവിത്വത്തിന്റെ ക്ഷീണത്തേയും അധഃപതനത്തേയും ക്ഷത്രിയന്മാരും വ്യാപാരി വർഗങ്ങളുമാണ് പ്രയോജനപ്പെടുത്തിയത്. ബ്രാഹ്മണമേധാവിത്വത്തിനെതിരായ ജനകീയ പ്രക്ഷോഭം ക്ഷത്രിയന്മാരുടെയും വ്യാപാരികളുടേയും താത്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെട്ടു. ബുദ്ധന്റെ അഹിംസ, കർമവാദം മുതലായ സിദ്ധാന്തങ്ങൾ അതിന് സഹായകമായിത്തീരുകയും ചെയ്തു. ധനികന്മാരായ ക്ഷത്രിയന്മാരും വൈശ്യന്മാരും ബൗദ്ധദർശനത്തിന്റെ രക്ഷാധികാരികളായിച്ചമയുകയും ബുദ്ധന്റെ സ്തൂപങ്ങൾ പണിയിക്കുകയും സംഘത്തിന് ഉദാരമായ സംഭാവനകൾ നൽകുകയും ചെയ്തു. ഇങ്ങനെ ബുദ്ധസിദ്ധാന്തങ്ങളെ വിപുലമായതോതിൽ പ്രചരിപ്പിക്കുന്നതോടൊപ്പംതന്നെ അവർ തങ്ങളുടെ സ്വന്തം സ്വത്തുക്കളും വ്യാപാരവും വർദ്ധിപ്പിച്ചു. രാഹുൽ സാംകൃത്യായൻ തന്റെ ‘വിശ്വദർശനം’ എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു:

> ‘ബുദ്ധദർശനം അതിന്റെ മൗലികരൂപമായ പ്രതീത്യസമുല്പാദം അല്ലെങ്കിൽ ക്ഷണികവാദം എന്ന നിലയ്ക്ക് അത്യന്തം വിപ്ലവാത്മകമായിരുന്നു. ജഗത്ത്, സമുദായം, മനുഷ്യൻ എന്നിങ്ങനെ സകലതും നിമിഷം പ്രതി മാറിക്കൊണ്ടിരിക്കുന്നതാണെന്ന് അത് ഉൽഘോഷിച്ചു. മടങ്ങിവരാത്തതായ ‘തേഹി നോ ദിവസാ ഗതാ:’ (അക്കാലം ഇങ്ങിനിവരാത്തവിധത്തിൽ കഴിഞ്ഞുപോയി) എന്ന ആലോചനയിൽ മുഴുകി ഇരിക്കാതെ മാറ്റങ്ങൾക്കനുസൃതമായി പ്രവർത്തിപ്പാനും സമുദായപരിവർത്തനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ സദാ തയ്യാറായിരിപ്പാനും അത് ആഹ്വാനം നൽകി... ഇപ്രകാരം ബുദ്ധന്റെ പ്രതീത്യസമുല്പാദത്തെ നോക്കിയാൽ ഒരുവശത്തു ധനികവർഗം പെട്ടെന്നു ചകിതരായിത്തീരുമെങ്കിലും, പ്രതിസന്ധിയുടേയും കർമത്തിൻറേയും ആശയങ്ങൾ അവർക്കുള്ള സ്ഥാനത്തെ സുരക്ഷിതമാക്കിത്തീർക്കുന്നുണ്ട്. തന്നിമിത്തമായിരുന്നു ബുദ്ധന്റെ കൊടിയിൻകീഴിൽ വലിയവലിയ ചക്രവർത്തിമാരും രാജാക്കന്മാരും കുബേരന്മാരും അണിനിരന്നത്. ഇന്ത്യയ്ക്ക് പുറത്ത് സിലോൺ, ചൈന, ജപ്പാൻ, ടിബറ്റ് എന്നിവിടങ്ങളിൽ രാജാക്കന്മാരായിരുന്നു അദ്ദേഹത്തിന്റെ ധർമപ്രചരണത്തിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിച്ചിരുന്നത്. പ്രസ്തുതധർമം സാമുദായിക വിപ്ലവത്തിനുവേണ്ടിയാണെന്നും സാമുദായികവ്യവസ്ഥിതിയെ നിലനിർത്തുന്നതിനുവേണ്ടിയാണെന്നും അവർക്ക് നല്ലപോലെ അറിയാമായിരുന്നു. വർഗങ്ങളുടേയും രാജ്യങ്ങളുടേയും അതിരുകൾ ലംഘിച്ചു ബുദ്ധന്റെവിചാരങ്ങൾ രാജ്യവിസ്തൃതിക്കായി പ്രത്യക്ഷമായും പരോക്ഷമായും സഹായം നൽകി. സമുദായത്തിലുണ്ടായിരുന്ന സാമ്പത്തിക വിഷമതകളെ നിലനിർത്തിക്കൊണ്ടുതന്നെ ബുദ്ധൻ വർണവ്യവസ്ഥയേയും ജാതി സമ്പ്രദായത്തിലുള്ള ഉച്ചനീചഭാവങ്ങളേയും അകറ്റുവാൻ ആഗ്രഹിച്ചു. തന്നിമിത്തം യഥാർത്ഥവിഷമതകൾ പരിഹരിക്കപ്പെട്ടില്ല. പക്ഷേ, താഴ്ന്നവർഗക്കാർക്ക് ബുദ്ധമതത്തോട് അനുഭാവമുണ്ടായി. വർഗതാൽപര്യത്തെ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ ബുദ്ധമതം ശാസകവർഗത്തിന്റെ പ്രതിനിധിയുടെ മാധ്യസ്ഥം പോലെയായിരുന്നു. വർഗത്തിലുള്ള മൗലികമായ സ്വാർത്ഥത്തെ അകറ്റാതെ തന്നെ അത് ന്യായപക്ഷപാതിയാണെന്നു കാണിപ്പാൻ ശ്രമിച്ചു.’

രണ്ടരനൂറ്റാണ്ടിനുശേഷം അശോകചക്രവർത്തി ബുദ്ധമതത്തെ ഔദ്യോഗികമതമായി അംഗീകരിച്ചു. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടിഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014